കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 – പൊന്നാനി നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള 2 പ്രവൃത്തികൾ - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ) നം.1935/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 12.06.2017

പരാമർശം :- (1) ജി.ഒ.(സാധാ) നം. 332/12/ധന തീയതി 11/06/2012

(2) കേരളാ നിയമസഭാ സ്പീക്കറും പൊന്നാനി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്നതുമായ ശ്രീ. പി.ശ്രീരാമകൃഷ്ണൻ, എം.എൽ.എ യുടെ 05.01.2017 ലെ കത്ത്

(3) 19.05.2017 ലെ തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി4-6628/17/സി.ഇ/ത.സ്വ.ഭ.വ. നമ്പർ കത്ത്

ഉത്തരവ്

പരാമർശം (2) പ്രകാരം പൊന്നാനി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്നശ്രീ. പി.ശ്രീരാമകൃഷ്ണൻ എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും താഴെ പറയുന്ന 2 പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരളാ നിയമസഭാ സ്പീക്കറും മലപ്പുറം ജില്ലയിലെ പൊന്നാനി നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്നതുമായ ശ്രീ. പി.ശ്രീരാമകൃഷ്ണൻ, എം.എൽ.എ-യുടെ 2016-17 ആസ്തി വികസന പദ്ധതിയിൽ നിന്നും, ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ആകെ അടങ്കൽ തുകയായ മുപ്പത്തി അഞ്ചു (35) ലക്ഷം രൂപ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

ക്രമ. നം	പ്രൊജക്ട് ഐ.ഡി.	പ്രവൃത്തിയുടെ പേര്	ഗ്രാമപഞ്ചായത്ത്	അടങ്കൽ തുക (ലക്ഷത്തിൽ)
1	2442	അയ്യോട്ടിച്ചിറ ഗ്രാമം ലക്ഷംവീട് റോഡ്	വെളിയങ്കോട്	15.00
2	2443	വെളിയങ്കോട് വാർഡ് 10 വായിലായി	വെളിയങ്കോട്	20

റോഡ്	
	ആകെ തുക 35

പരാമർശം (1) ലെ സർക്കാർ ഉത്തരവും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകുന്നു.

3. ഇതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ.എ.സി- എ.ഡി.എസ്' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എ.കെ.മോഹനകുമാർ
ഗവ.ജോയിന്റ് സെക്രട്ടറി

ശ്രീ.പി.ശ്രീരാമകൃഷ്ണൻ, ബഹു. കേരളാ നിയമസഭാ സ്പീക്കർ & എം.എൽ.എ, പൊന്നാനി (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ് തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി
സെക്രട്ടറി, വെളിയങ്കോട് ഗ്രാമപഞ്ചായത്ത്
ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം.983/എൻ.സി.സി1/2017-ധന തീയതി 05.06.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Sharadadevi
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. കേരളാ നിയമസഭാ സ്പീക്കറുടെ പി എസ് ന്